ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ശ്രീമതി ചന്ദ്രലേഖ എസ്. പാർട്ട് ടൈം സ്വീപ്പർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം - അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം. DTETVM/10411/2024-ED2 (ED)** **തിരുവനന്തപുരം,**

**തീയതി: 10-03-2026**

---

വായനഃ- 1. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിന്റെ **10.06.2025, 27.09.2025** തീയതിയിലെ **CET/873/2025-B2** നമ്പർ കത്ത്.

2. ഈ കാര്യാലയത്തിൽ നിന്നുള്ള **05.11.2025** തീയതിയിലെ ഇതേ നമ്പർ കത്ത്.

3. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിന്റെ **17.01.2026** തീയതിയിലെ **CET/873/2025-B2** നമ്പർ റിപ്പോർട്ട്

4. ഈ കാര്യാലയത്തിൽ നിന്നുള്ള **03.02.2026** തീയതിയിലെ ഇതേ നമ്പർ കത്ത്.

5. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിന്റെ **06.03.2026** തീയതിയിലെ **CET/2062/2024-B2** നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി ചന്ദ്രലേഖ എസ്. നെതിരെ സഹപ്രവർത്തകരോടുള്ള അപമര്യാദയായ പെരുമാറ്റം, ഔദ്യോഗിക യോഗങ്ങളിൽ അനുചിതമായ പദപ്രയോഗങ്ങൾ നടത്തുക, ക്യാമ്പസിനുള്ളിൽ നായകൾക്ക് ഭക്ഷണം നൽകുന്നത് വഴി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നായശല്യം രൂക്ഷമാക്കുക എന്നീ ഗുരുതരമായ ആരോപണങ്ങൾ സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം വസ്തുതാപരമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതായി പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഒരു സർക്കാർ ജീവനക്കാരി പാലിക്കേണ്ട മാന്യത പുലർത്താതിരിക്കുന്നതും, ഔദ്യോഗിക

നിർദ്ദേശങ്ങൾ ലംഘിക്കുന്നതും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനമാണ്. സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ മെമ്മോയ്ക്ക് തൃപ്തികരമായ മറുപടി നൽകുന്നതിന് പകരം അച്ചടക്ക നടപടികളോട് നിസ്സഹകരിക്കുന്ന സമീപനമാണ് ജീവനക്കാരി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ, സ്ഥാപനത്തിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കുന്ന പ്രവൃത്തികൾ തുടരുന്നതും ഭരണപരമായ നിർദ്ദേശങ്ങൾ അവഗണിക്കുന്നതും അതീവ ഗൗരവമായി കാണുന്നു.

ഈ സാഹചര്യത്തിൽ സ്ഥാപനത്തിന്റെ അച്ചടക്കവും സമാധാനപരമായ തൊഴിൽ അന്തരീക്ഷവും നിലനിർത്തുന്നതിനും പൊതുതാല്പര്യയാർത്ഥം ചുവടെ പറയുന്ന ജീവനക്കാരെ അവർക്ക് നേരെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, നിലവിലെ സ്ഥാപനം | സ്ഥലംമാറ്റം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി ചന്ദ്രലേഖ എസ്.<br>കോളേജ് ഓഫ് എഞ്ചിനീയറിംഗ്,<br>തിരുവനന്തപുരം<br>പെൻ: 385805<br>(പൊതുതാല്പര്യാർത്ഥം) | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,<br>ശ്രീകാര്യം<br>(ശ്രീമതി സുധകുമാരി റ്റി. എസ്.<br>സ്ഥലം മാറുന്ന ഒഴിവ്) |
| 2. | ശ്രീമതി സുധകുമാരി റ്റി. എസ്.<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,<br>ശ്രീകാര്യം<br>പെൻ : 976554<br>(പൊതുതാല്പര്യാർത്ഥം) | കോളേജ് ഓഫ് എഞ്ചിനീയറിംഗ്,<br>തിരുവനന്തപുരം<br>(ശ്രീമതി ചന്ദ്രലേഖ എസ്.<br>സ്ഥലം മാറുന്ന ഒഴിവ്) |

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രസ്തുത ജീവനക്കാരെ ഉടൻ വിടുതൽ ചെയ്യേണ്ടതും. ടിയാളുകളുടെ വിടുതൽ / ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 10-03-2026
14:13:33

**#ApprovedByName#**

**#ApprovedByDesignation#**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.
2. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്